**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1637** — **19-09-2025 - ൽ മറുപടിയ്ക്ക്**

**ഉടുമ്പൻചോല മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ ആകെ എത്ര വില്ലേജ് ഓഫീസുകളാണ് പ്രവർത്തിക്കുന്നത്; ഇതിൽ എത്ര വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി ഉയർത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉടുമ്പൻചോല മണ്ഡലത്തിൽ 14 വില്ലേജ് ഓഫീസുകളാണ് ഉള്ളത്. ഇതിൽ നിലവിൽ 12 വില്ലേജ് ഓഫീസുകൾ സ്‌മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തിയിട്ടുള്ളതാണ്. പാമ്പാട്ടുംപാറ, രാജകുമാരി എന്നീ വില്ലേജ് ഓഫീസുകളെയാണ് ഇനി സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുവാനുള്ളത്. അതിൽ പാമ്പാട്ടുംപാറ വില്ലേജ് ഓഫീസിന്റെ സ്മാർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (ബി) | രാജകുമാരി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസായി ഉയർത്തുന്നതിനുള്ള നടപടികൾ എത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | പ്ലാൻ പദ്ധതി 2023-24 പ്രകാരം ഇടുക്കി ജില്ലയിലെ രാജകുമാരി വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകിയിരുന്നതും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി തിരഞ്ഞെടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് തർക്കങ്ങൾ ഉടലെടുത്തതിനെത്തുടർന്ന് നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്. തുടർന്ന്, പ്രസ്തുത വില്ലേജ് പ്രദേശത്തെ ജനങ്ങളുടെ കൂട്ടായ ആവശ്യം പരിഗണിച്ച് നിലവിൽ പ്രവർത്തിച്ചു വരുന്ന സ്ഥലത്തെ വില്ലേജ് ഓഫീസ് കെട്ടിടം തന്നെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചനയിലാണ്. |
| (സി) | രാജകുമാരി വില്ലേജ് ഓഫിസിന് പുതിയ കെട്ടിടം നിർമ്മിക്കേണ്ടതില്ല എന്ന് തീരുമാനിക്കാൻ ഇടയായ സാഹചര്യം വിശദീകരിക്കാമോ? | (സി) | ബി പിരിവിനുള്ള മറുപടി |

സെക്ഷൻ ഓഫീസർ